# കേരള പോലീസുമായി കൈകോർത്ത് കൊല്ലത്തെ നിർഭയ

സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായി കേരള ആഭ്യന്തര വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് നിർഭയ കേരളം സുരക്ഷിത കേരളം പദ്ധതി. സ്ത്രീകൾക്കും കുട്ടികൾക്കും എതിരേയുള്ള അതിക്രമങ്ങൾ തടഞ്ഞ് അവരുടെ സുരക്ഷ ഉറപ്പാക്കാനുള്ള സമഗ്ര നടപടികളുടെ ഭാഗമായാണ് പദ്ധതി. വിവിധ പ്രദേശങ്ങളിൽ നിർഭയ വോളന്റിയർമാരെ തെരഞ്ഞെടുക്കുകയും അവർ വഴി പദ്ധതി നടപ്പാക്കുകയുമാണ് ചെയ്യുന്നത്. സംസ്ഥാനത്തെ കൂടുതൽ സ്ത്രീ സൗഹൃദമാക്കി അർദ്ധരാത്രിയിൽ പോലും ഭയം കൂടാതെ സ്ത്രീകൾക്ക് സുരക്ഷിതമായി പുറത്തിറങ്ങി നടക്കാൻ കഴിയുന്ന മെച്ചപ്പെട്ട അവസ്ഥയിലേക്ക് സാഹചര്യങ്ങൾ എത്തിക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

**നിർഭയ കേരളം സുരക്ഷിത കേരളം പദ്ധതി, തുടക്കം**

പഞ്ചായത്ത്, വാർഡ്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ അടിസ്ഥാനത്തിൽ വനിതകളുടെ അഞ്ച് പേർ വീതമുള്ള ഗ്രൂപ്പിനെ നിർഭയ വോളന്റിയർമാരായി നിയമിച്ച് അവർ വഴി അതാത് പ്രദേശങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പോലീസിനോടൊപ്പം തോളോട് തോൾ ചേർന്ന് പ്രവർത്തിക്കുന്നതാണ് പദ്ധതിയെന്ന് ചുരുക്കാം. പൈലറ്റ് അടിസ്ഥാനത്തിൽ 2014 ഓഗസ്റ്റ് ഒന്നിന് കൊച്ചി സിറ്റിയിൽ നടപ്പാക്കി. കൊച്ചി കോർപ്പറേഷനിലെ 74 ഡിവിഷനുകളിൽ നിന്ന് 120 നിർഭയ വോളന്റിയർമാരെ നിയമിച്ചു. 200 അപേക്ഷകളിൽ നിന്ന് ഒരു പോലീസ് ഓഫീസരും ഡോക്ടരും അഭിഭാഷകനും സൈക്കോ ളജിസ്റ്റും സാമൂഹ്യ പ്രവർത്തകനും ചേർന്ന ഒരു സംഘം അഭിമുഖത്തിന് ശേഷമാണ് 120 പേരെ തെരഞ്ഞെടുത്തത്.

സാമൂഹ്യ സേവനത്തിനുള്ള സന്നദ്ധത, താത്പര്യം, സ്ത്രീകളുടെ അവകാശത്തെക്കുറിച്ചുള്ള തിരിച്ചറിവ് ഇങ്ങനെയുള്ള ഗുണങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു തെരഞ്ഞെടുപ്പ്. ഇതുസരിച്ച് തെരഞ്ഞെടുക്കപ്പെട്ടവരുടെ പശ്ചാത്തലം സ്പെഷ്യൽ ബ്രാഞ്ച് പോലീസ് പരിശോധിച്ചു. അവരിൽ പലർക്കും ഇതേ മേഖലയിൽ പ്രവർത്തിച്ച് മുൻപരിചയമുള്ളവരായിരുന്നു. 60 ശതമാനം പേരും കുടുംബശ്രീയിൽ പ്രവർത്തിച്ചവരും. ആശാ വർക്കർമാരും ജോലിയിൽ നിന്ന് വിരമിച്ച സ്ത്രീകളും തെരഞ്ഞെടുക്ക

പ്പെട്ടവരിൽ ഉൾപ്പെടുന്നു.

2014ൽ ആരംഭിച്ച ഈ പദ്ധതിയിൽ ഫലപ്രദമാകുന്ന മറ്റ് ചില മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി സംസ്ഥാനമാകെ വ്യാപിപ്പിക്കാൻ 2017 ഒക്ടോബറിൽ തീരുമാനമെടുത്തു. എഡിജിപി ഡോ. ബി. സന്ധ്യ നോഡൽ ഓഫീസറും ഐജി എസ്. ശ്രീജിത്ത്, വനിതാ പോലീസ് ബറ്റാലിയൻ കമാൻഡന്റ് ആർ. നിശാന്തിനി, കൊല്ലം സിറ്റി കമ്മീഷണർ എസ്. അജിതാ ബീഗം, കോഴിക്കോട് സിറ്റി ഡെപ്യൂട്ടി കമ്മീഷണർ മെറിൻ ജോസഫ് എന്നിവർ അംഗങ്ങളായ മാനേജിങ് കമ്മിറ്റിയെ പദ്ധതിയുടെ സംസ്ഥാനതല നടത്തിപ്പ് ചുമതലയ്ക്കായി നിയോഗിക്കുകയും ചെയ്തു.

**വോളന്റിയർമാരുടെ ചുമതലകൾ**

സ്ത്രീകൾക്കെതിരേയുള്ള അതിക്രമങ്ങൾക്ക് സാധ്യതയുള്ള സാഹചര്യങ്ങളെപ്പറ്റി അവബോധം നൽകുക, ലിംഗ പദവി, തുല്യത എന്നിവ സംബന്ധിച്ച അവബോധം സമൂഹത്തിൽ വളർത്തുക, പഞ്ചായത്തുതല ജാഗ്രതാ സമിതികൾ, മറ്റ് വനിതാ സംഘങ്ങൾ എന്നിവയുമായി ചേർന്ന് അതിക്രമങ്ങൾ തടയുന്നതിനുള്ള ക്യാമ്പെയ്നുകൾ ആവിഷ്ക്കരിക്കുക, ഭവന സന്ദർശനത്തിനും മറ്റും ജനമൈത്രി ബീറ്റ് ഓഫീസർ മാരെ സഹായിക്കുക, ജില്ലാ പോലീസ് മേധാവിമാർ അംഗീകരിച്ച പ്രൊഫഷണൽ കൗൺസിലർമാരുടെ സേവനം ആവശ്യമായ സന്ദർഭങ്ങളിൽ അതിക്രമങ്ങൾക്ക് ഇരയാ കുന്നവർക്ക് ലഭ്യമാക്കുക, സ്കൂൾ പിടിഎകളുമായി ബന്ധപ്പെട്ട് കുട്ടികൾ ക്കെതി രേയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക, സ്വയം പ്രതിരോധ പരിശീലനം സ്കൂളുകളിലും കോളേജുകളിലും നടത്തുക, ജന മൈത്രി സമിതികൾക്ക് സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട സെമിനാറുകളും മറ്റും സംഘടിപ്പിക്കുന്നതിന് സഹായം നൽകുക, ലീഗൽ സർവീസസ് അതോറിറ്റിയുമായി സഹകരിച്ച് നിയമബോധവത്ക്കരണം നടത്തുക, നഗരങ്ങളിൽ റസിഡന്റ്സ് അസോസിയേഷനുകളുമായി ബന്ധപ്പെട്ട് സ്വയം പ്രതിരോധ പരിശീലനം നൽകുക എന്നിവയാണ് ചുമതലകൾ.

സ്ത്രീ സംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുൾപ്പെടെയുള്ളവരുമായി സഹകരിച്ച് വിവിധ പ്രവർത്തനങ്ങളും ആവിഷ്ക്കരിക്കാം. സ്ത്രീകളോടുള്ള പെരുമാറ്റം, അതിക്രമങ്ങൾ തടയൽ എന്നിവ സംബന്ധിച്ച് പുരുഷന്മാർക്കുള്ള

ബോധവത്ക്കരണവും ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ആവിഷ്ക്കരിച്ച് നടപ്പാക്കാം

## കൊല്ലത്തെ കുടുംബശ്രീ നിർഭയ വോളന്റിയർമാർ

**തുടക്കം**

74 സിഡിഎസുകളുള്ള കൊല്ലം ജില്ലയിൽ ഒരു സ്നേഹിത കേന്ദ്രവും ആറ് ജെൻഡർ റിസോഴ്സ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. വിജിലന്റ് ഗ്രൂപ്പുകളും ജെൻഡർ കോർണറുകളും ശക്തമായി പ്രവർത്തിക്കുന്ന ജില്ലകളിലൊന്നാണ് കൊല്ലം. ഈ പ്രഒക്ത ത്തനങ്ങളുടെ ഭാഗമായി വനിതാ പോലീസുമായി ചേർന്ന് നിരവധി തവണ പ്രവർത്തിക്കേണ്ടി വന്നിട്ടുണ്ട് ജില്ലാ മിഷന്, പ്രത്യേകിച്ചും ജില്ലാ മിഷൻ ജെൻഡർ വിഭാഗത്തിന്. ഇതേത്തുടർന്നാണ് നിർഭയ വോളന്റിയർമാരുടെ തെരഞ്ഞെടുപ്പിനെക്കുറിച്ച് ചർച്ചകൾ വന്നപ്പോൾ കുടുംബശ്രീ വനിതകൾക്ക് പ്രഥമ പരിഗണന നൽകാൻ കൊല്ലം സിറ്റി പോലീസ് തീരുമാനിക്കുന്നത്. സർക്കാർ ഉത്തരവിലും കുടുംബശ്രീ വനിതകൾക്ക് പ്രാധാന്യം നൽകണമെന്ന് നിർദ്ദേശമുണ്ടായിരുന്നു. സിറ്റി പോലീസ് കമ്മീഷണർ അജിതാ ബീഗം ഐപിഎസുമായി 2017 ഓഗസ്റ്റിലാണ് ഇതേക്കുറിച്ച് ആദ്യ ചർച്ചകൾ നടത്തിയത്. കുടുംബശ്രീ വനിതകളിൽ നിന്ന് 150 പേരെ എടുക്കാമെന്ന് ചർച്ചയിൽ തീരുമാനമായി. അതിനായി 300 പേരുടെ ലിസ്റ്റ് നൽകാനും തീരുമാനമെടുത്തു.

ഇതിന് പിന്നാലെ ജില്ലാ മിഷൻ കോർഡിനേറ്ററുമായി ചർച്ച നടത്തി. ഒരാഴ്ചയ്ക്കുള്ളിൽ ലിസ്റ്റ് സമർപ്പിക്കണമെന്നായിരുന്നു പോലീസിന്റെ ഭാഗത്തു നിന്നുണ്ടായിരുന്ന ആവശ്യം. ഇതോടെ നിർഭയ വോളന്റിയർമാരാകാൻ താത്പര്യമുള്ളവരുടെ ലിസ്റ്റ് നൽകാൻ മിഷൻ കോർഡിനേറ്റർ സിറ്റി പരിധിയിലുള്ള എല്ലാ സിഡിഎസുകൾക്കും നിർദ്ദേശം നൽകി. ചുരുങ്ങിയത് പത്ത് പേരുടെയെങ്കിലും പേരുകൾ നൽകണമെന്നും സൂചിപ്പിച്ചിരുന്നു. ജെൻഡർ റിസോഴ്സ് പേഴ്സൺമാർ, കമ്മ്യൂണിറ്റി കൗൺസിലർമാർ തുടങ്ങി ഈ മേഖലയിൽ പരിചയ സമ്പത്തുള്ളവരുടെ ലിസ്റ്റ് നൽകാനായിരുന്നു പറഞ്ഞിരുന്നത്. പഞ്ചായത്ത് പ്രസിഡന്റ് അടക്കം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അധികാരികളുമായി ആലോചിച്ച് വേണം ഓരോ സിഡിഎസ്

ചെയർപേഴ്സണും ലിസ്റ്റ് നൽകേണ്ടതെന്നും വ്യക്തമായി പറഞ്ഞിരുന്നു. ഇതനുസരിച്ച് 2017 സെപ്റ്റംബർ 15 ന് ലിസ്റ്റ് ലഭിച്ചു. ഈ ലിസ്റ്റ് പോലീസ് ഡിപ്പാർട്ട്മെന്റിന് കൈമാറി.

ഈ ലിസ്റ്റിൽ നിന്നുള്ളവർക്ക് മൂന്ന് എസിപിമാരുടെ നേതൃത്വത്തിൽ മൂന്ന് സബ് ഡിവിഷനുകളിലായി അഭിമുഖം നടത്തി. അതിൽ നിന്ന് അവസാന ആളുകളെ തെരഞ്ഞെടുത്തു. ആ ലിസ്റ്റ് ജില്ലാ മിഷനിൽ നിന്ന് സിഡിഎസിലേക്ക് അറിയിച്ചു. പിന്നീട് 2017 നവംബർ 17ന് കൊല്ലം ക്യാമ്പ് ഓഫീസിൽ വച്ച് ഓറിയെന്റേഷൻ വർക്ക്ഷോപ്പ് നടത്തി. അജിതാ ബീഗം വർക്ക്ഷോപ്പ് ഉദ്ഘാടനം ചെയ്തു. വോളന്റിയർമാർക്ക് പ്രത്യേക യൂണിഫോമും പോലീസ് ഡിപ്പാർട്ട്മെന്റ് നൽകി.

**<u>പ്രതിഫലം</u>**

ഏവരോടും അവരവർ ചെയ്യുന്ന ജോലികളുടെ ഒരു രജിസ്ട്രർ സൂക്ഷിക്കാനും നചക്തദ്ദേശിച്ചിരുന്നു. ഒരു മാസം 1750 രൂപ ഓണറേറിയുമാണ് വോളന്റിയർമാർക്ക് നൽകുന്നത്. അവരവരുടെ അക്കൗണ്ടിലേക്ക് പോലീസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് പ്രതിഫലം നൽകും. സിറ്റി എസിപി ക്രൈമിനാണ് വോളന്റിയർമാരുടെ ചുമതല.

**<u>പ്രവർത്തനം</u>**

ഓരോ ഡിവിഷനിലെയും എസിപിമാർ പല നിർദ്ദേശങ്ങളും നൽകും. അതനുസരിച്ച് പ്രവർത്തിക്കണം. ജെൻഡറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ചെയ്യുന്നു. വനിതാ ബീറ്റ് ഓഫീസർമാർ വീടുകൾ തോറും കയറി ഭവനസന്ദർശനം നടത്തുമ്പോൾ അവർക്കൊപ്പം പോകുക. പ്രാദേശിക തലത്തിൽ നിന്നുള്ളവരാണ് വോളന്റിയർമാർ എന്നതിനാൽ ഒരു പ്രശ്നമുണ്ടാകുമ്പോൾ അതിനെക്കുറിച്ച് കൂടുതലായി വളരെ വേഗം അറിയാനും വോളന്റിയർമാർക്ക് കഴിയും. ഉത്സവം പൊങ്കാല സമ്മേളനങ്ങൾ പോലുള്ള പരിപാടികൾ നടക്കുമ്പോൾ അവിടെ സ്ത്രീ സുരക്ഷയ്ക്കും മറ്റുമായി വോളന്റിയർമാർ പോകുന്നു. കുടുംബശ്രീ ഓഫീസിൽ പോലീസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് ഇങ്ങനെയുള്ള പരിപാടികളെക്കുറിച്ച് അറിയിക്കും. ജില്ലാ ഓഫീസിൽ നിന്ന് ഈ വോളന്റിയർമാർ എല്ലാം ഉൾപ്പെട്ട ഗ്രൂപ്പിലേക്ക് ഈ സന്ദേശം അറിയിക്കും. അതനുസരിച്ച് വോളന്റിയർമാർ പരിപാടിക്കായെത്തും. വോളന്റിയർമാർക്ക് നിരന്തരം പരിശീലനം നൽകുന്നുണ്ട്.

ഈ പരിശീലനത്തിന്റെ വിഷയങ്ങളും ക്ലാസ് എടുക്കേണ്ടവരുടെയും കാര്യങ്ങൾ തീരുമാനിക്കുന്നത് ജില്ലാ മിഷന്റെ കൂടി അഭിപ്രായം ആരാഞ്ഞശേഷമാണ്. ആഴ്ച തോ

റും വോളന്റിയർമാർ യോഗം ചേരുന്നുണ്ട്.

സിറ്റി പോലീസ് അധികാരപരിധിക്ക് കീഴിൽ വരുന്ന ചാത്തന്നൂർ, കരുനാഗപ്പള്ളി, കൊല്ലം ഡിവിഷനുകളിൽ അമ്പത് വീതം വോളന്റിയർമാരെ നിയമിക്കാനായിരുന്നു തീരുമാനിച്ചിരുന്നത്. എന്നാൽ കൊല്ലത്ത് റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ് തുടങ്ങിയ ജനങ്ങൾ കൂടുതൽ കൂടുന്ന പ്രദേശങ്ങൾ ഏറെയുള്ളതിനാലും കുറ്റകൃത്യ നിരക്ക് കൂടുതലായതിനാലും അവിടെ നിന്ന് അതിൽ കൂടുതൽ വോളന്റിയർമാരെ തെരഞ്ഞെടുത്തു. ഇപ്പോൾ കുടുംബശ്രീയിൽ നിന്നുള്ള ആകെ 156 വോളന്റിയർമാരാണ് പ്രവർത്തിക്കുന്നത്. ആകെ 180 പേരെയാണ് വോളന്റിയർമാരായി പോലീസ് തെരഞ്ഞെടുത്തത്.